# ഹോളിടെക്

# 2025











ചേർപ്പുങ്കൽ ഹോളി ക്രോസ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ
കൈറ്റ്സ് ക്ലബ് അംഗങ്ങൾ തയ്യാറാക്കിയ മാഗസിൻ കണ്ടു.അഭിനന്ദനങ്ങൾ. ഐ. റ്റി. അധിഷ്ഠിത പഠനത്തിലൂടെ കൂടുതൽ
ഉയരങ്ങൾ കീഴടക്കാൻ കുട്ടികൾക്കു സാധിക്കട്ടെയെന്ന് ആശംസിക്കുന്നു

ഹെഡ് മാസ്റ്റർ
ഷാജി ജോസഫ്

# EDITORIAL BOARD

## CHIEF EDITOR

Criss Mathew Deepu

## SUB EDITORS

Srayas Sreeji
Anirudh Rajesh

## WRITERS

Namitha .S

Malavika K Manoj

## KITE MISTRESS

Sr. vinaya
Ancy Mathew

# ഉള്ളടക്കം


1. ഹോളിക്രോസ് - ഒറ്റനോട്ടത്തിൽ 01

2. നമുക്ക് ഒരുപാട് തുറന്ന വാതിലുകൾ 15

3. ഒരു പാട്ട് പിന്നെയും 16

4. മരണമെത്തുന്ന നേരത്ത് 17

5. എന്റെ ഇഷ്ടം 18

6. ശൈശവം 19

7. മുത്തശ്ശിമാവ് 20

8.മഴയും കിളിയും 21

9. യാത്രയും ഓർമ്മകളും 22

10.ഓർമ്മയിൽ ഒരു ദിവസം 23

11.നിർമിതബുദ്ധി 25

# ഹോളിക്രോസ് എച്ച്എസ്എസ് ചേർപ്പുങ്കൽ




പ്രകൃതിരമണീയമായ ചേർപ്പുങ്കൽ ഗ്രാമത്തിൽ ഉണ്ണീശോയുടെ അനുഗ്രഹാശ്ശിസുകളാൽ ഉയർന്നുപരിലസിക്കുന്ന ഹോളി ക്രോസ് ഹയർ സെക്കൻഡറി സ്കൂളിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിലായി 1410 കുട്ടികൾ പഠിച്ചുവരുന്നു. അവരുടെ സർവ്വതോന്മുഖമായ ഉയർച്ചയെ ലക്ഷ്യമാക്കി 60 അധ്യാപകരും 8അനധ്യാപകരും ഇവിടെ സേവനം അനുഷ്ഠിച്ചുവരുന്നു.

## റിസൾട്ട്

### LSS winners









## USS Winners

    

2024 മാർച്ചിൽ S.S.L.C പരീക്ഷയെഴുതിയ 186 കുട്ടികളും വിജയിച്ചു. അതിൽ 77 കുട്ടികൾ Full A+ കരസ്ഥമാക്കി. ഗൗതം കൃഷ്ണ , മാരിയോ സ്റ്റീഫൻ ഷിമി , നീരജ് നിധിൻ , അഡോൺ ലിജോ , ആന്റോ സജി , എഡ്വിൻ ജോണി എന്നിവർ L.S.S സ്കോളർഷിപ്പിനും അന്നാ സജി , അഞ്ജന ബൈജു , ആൽഡ്രിൻ കെ ബിനോയ് , ജിബിൻ ജോർജ് സിറയക് എന്നിവർ U.S.S സ്കോളർഷിപ്പിനും അർഹരായി. അന്നാ സജി , അഞ്ജന ബൈജു എന്നീ കുട്ടികൾ Gifted Children ആയി തിരഞ്ഞെടുക്കപ്പെട്ടു.

## P.T.A

09.08.2024 ൽ നടന്ന P.T.A ജനറൽ ബോഡി യോഗത്തിൽ ശ്രീ. സജു സെബാസ്റ്റ്യൻ കുടത്തിനാൽ പ്രസിഡന്റായും ശ്രീമതി. ബിജി പ്രസാദ് MPTA പ്രസിഡന്റായും സ്ഥാനമേറ്റു. ഇവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അക്കാദമികവും ഭൗതികവുമായ പ്രവർത്തനങ്ങളിൽ സഹായിച്ചു വരുന്നു.

## സ്കൂൾ പാർലമെന്റ്

സ്കൂൾ ജനാധിപത്യവേദിയിലേക്ക് നടത്തിയ തിരഞ്ഞെടുപ്പിൽ ചെയർമാനായി മാസ്റ്റർ നവനീത് ആർ, വൈസ് ചെയർമാൻ കുമാരി റോസ് മേരി രജീഷ് ആന്റണിയും സ്ഥാനമേറ്റു. ഇവരുടെ നേതൃത്വത്തിൽ 9 അംഗ സ്കൂൾ പാർലമെന്റ് പ്രവർത്തിച്ചുവരുന്നു.

## ക്ലബ്ബുകളും മേളകളും



കുട്ടികളിൽശാസ്ത്രഅഭിരുചിവർധിപ്പിക്കുകഎന്ന ഉദേശ്യത്തോടെ പ്രവർത്തിക്കുന്ന ക്ലബുകളിൽ കുട്ടികൾ താൽപര്യപൂർവ്വം പങ്കെടുത്തു വരുന്നു.

## സ്കൗട്ട് & ഗൈഡ്





H.S വിഭാഗത്തിൽ 4 ഗൈഡ് യൂണിറ്റുകളായി 128 ഗൈഡ്സും 3 യൂണിറ്റുകളായി 96 സ്കൗട്ട്സും ആണുള്ളത്. 2024 ൽ 16 ഗൈഡ്സും 15 സ്കൗട്ട്സും രാജ്യപുരസ്കാർ പരീക്ഷയെഴുതി ഫലം ക

L.P വിഭാഗത്തിൽ 2024 ജൂണിൽ ആരംഭിച്ച് കബ്ബ് യൂണിറ്റിലെ , ആദ്യ ബാച്ചിലെ 12 കുട്ടികൾക്ക് തൃതീയ ചരൺ സർട്ടിഫിക്കറ്റ് ലഭിച്ചു.

## വിമുക്തി ക്ലബ്

ബഹുജനപങ്കാളിത്തത്തോടെ ലഹരിവിരുദ്ധറാലി കയ്യൊപ്പ് ശേഖരണം , എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്റർ, പുസ്തക പ്രദർശനങ്ങൾ തുടങ്ങിയവ നടത്തി.

## J.R.C

65 കുട്ടികൾ ഈ സംഘടനയിൽ പ്രവർത്തിച്ചു വരുന്നു. C Level പരീക്ഷയെഴുതിയ എല്ലാ  കുട്ടികളും ഗ്രേസ് മാർക്കിനർഹരായി.

## വിദ്യാരംഗം

വിദ്യാരംഗം കലാസാഹിത്യവേദിയുടെ സാഹിത്യവേദിയുടെ സാഹിത്യ ശിൽപ്പശാലയുടെ സാഹിത്യ ശിൽപ്പശാല നവംബർ 23 തീയതി അയർക്കുന്നം  സെന്റ്. സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ശിൽപ്പശാലയോടനുബന്ധിച്ച് നടന്ന ചിത്രരചനാ മത്സരത്തിൽ യു.പി വിഭാഗത്തിൽ ഏഴാം ക്ലാസിലെ ആഷിക്ക് അഭിലാഷ് ഒന്നാം സ്ഥാനം കരസ്ഥമാക്കി

## K.C.S.L

K.C.S.L ആഭിമുഖ്യത്തിൽ കത്തോലിക്കാ കുട്ടികൾക്കായി
വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

രൂപതാതല സാഹിത്യോത്സവത്തിൽ H.S വിഭാഗം ക്വിസിൽ അന്നാ സജി, ആൻ മരിയ ബാബു എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

രൂപതാതല സാഹിത്യോത്സവത്തിൽ യു. പി വിഭാഗം ലളിതഗാനം , പുത്തൻപാന  എന്നീ ഇനങ്ങളിൽ സാം സോണി
ഒന്നാം സ്ഥാനവും എ ഗ്രേഡും നേടി.

പാലാ രൂപതാ പ്ലാറ്റിനം ജൂബിലി വർഷത്തോടനുബന്ധിച്ച് നടത്തിയ 'സ്നേഹത്തിന്റെ കൈത്താങ്ങ്'
എന്ന പദ്ധതിയിൽ എല്ലാ വിഭാഗത്തിലെയും കുട്ടികൾ ആത്മാർത്ഥമായി സഹകരിച്ചു.

# ഇതരപ്രവർത്തനങ്ങൾ




കുട്ടികളുടെ സമഗ്രവികസനം മുന്നിൽക്കണ്ട് നിരവധി പ്രവർത്തനങ്ങളാണ് ഈ വർഷം നടത്തിയത്. പരിസ്ഥിതി ദിനമായ ജൂൺ 5 ന് ഹൈവേയുടെ വശങ്ങളിൽ വൃക്ഷത്തൈകൾ  നട്ടുപിടിപ്പിച്ചു. ഫ്ലാഷ് മോബ് , അവബോധക്ലാസ് എന്നിവയൊരുക്കി. ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ തല ലഹരിവിരുദ്ധദിന പരിപാടികൾ ഏറ്റുമാനൂർ  AEO ശ്രീമതി. ശ്രീജ പി ഗോപാൽ നിർവഹിച്ചു. ജൂൺ 21 ചാന്ദ്രദിനത്തോടനുബന്ധിച്ച് സോഷ്യൽ സയൻസ്  ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഫ്ലാഷ് മോബ് നടത്തി. പുസ്തകാസ്വാദനം , കവിതാസ്വാദനം , പ്രസംഗം , ചെറുകഥ അവതരിപ്പിക്കൽ , പ്രസംഗാവതരണം എന്നിവയൊക്കെ നടത്തപ്പെട്ടു. July 2 അഞ്ചാം ക്ലാസിലെ കുട്ടികളുടെ അമ്മമാർക്കായി 'അമ്മയറിയാൻ' എന്ന പ്രബോധനപരിപാടി സംഘടിപ്പിച്ചു. കുട്ടികൾക്ക് എങ്ങനെയെല്ലാം പിന്തുണ നൽകണമെന്ന് അമ്മമാർ ഈ പരിപാടിയിലൂടെ മനസിലാക്കി. ദീപശിഖ പ്രയാണം , സ്കേറ്റിംങ് പ്രകടനം എന്നിവ സംഘടിപ്പിച്ചിരുന്നു. കായികാധ്യാപകനായ ശ്രീ. സെൻ എബ്രാഹത്തിന്റെ നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഒളിമ്പിക റിംഗിന്റെമോഡൽ

നിർമ്മിച്ചു.




സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് ' ഓർമ്മത്തണലിൽ ഇത്തിരി നേരം' എന്ന പേരിൽ പൂർവ്വാധ്യാപക അനധ്യാപക സംഗമം നടത്തി.

75 ഓളം അധ്യാപക അനധ്യാപകർ പങ്കെടുത്തു.



## കാർഷിക ക്ലബ്

കാർഷിക ക്ലബ്ബിന്റെയും നേച്ചർ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കൃഷിപാഠം എന്ന പേരിൽ 35 ഇനം കപ്പകളുടെ കൃഷി ആരംഭിച്ചു.





നവംബർ ശിശുദിനത്തോടനുബന്ധിച്ച് വർണാഭമായ റാലി നടത്തപ്പെട്ടു.



## ഭവന സന്ദർശനം

സ്കൂളിലെ മുഴുവൻ കുട്ടികളുടേയുംഭവനങ്ങൾ സന്ദർശിച്ച് വീട്ടുകാരെ പരിചയപ്പെടുക എന്ന ലക്ഷ്യത്തോടെ അധ്യാപകർ നടത്തുന്ന ഭവനസന്ദർശനം കാര്യക്ഷമമായി നടക്കുന്നു.





Teens Club – ന്റെ ആഭിമുഖ്യത്തിൽ HS വിഭാഗം കുട്ടികൾക്കായി 'കൗമാരക്കാലത്ത് നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് Mar Sleeva Medicity Cherpunkal ന്റെ നേതൃത്വത്തിൽ അവബോധക്ലാസ് നടത്തപ്പെട്ടു.



## സ്കോളർഷിപ്പുകൾ

വിദ്യാർത്ഥികളുടെ സമഗ്രവികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി സ്കോളർഷിപ്പുകൾ നൽകിവരുന്നു.





# Red cross



RED CROSS അംഗങ്ങൾ വാർദ്ധക്യ പരിപാലന കേന്ദ്രം സന്ദർശിക്കാൻ പോയപ്പോൾ

## STUDY TOUR





# IT FEST





ARTS DAY

2024-25 ലെ കലാദിനം ഭദ്രൻ മാട്ടേൽ (മലയാള ചലച്ചിത്ര സംവിധായകൻ) ഉദ്ഘാടനം നിർവ്വഹിക്കുന്നു



ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന
Rev Fr Somy Mathew ,Shaji sir,
Thomas  Sir,Anila Teacher, ,Sen Sir എന്നിവർക്ക്
ആശംസകൾ



# WORK EXPERIANCE




# SPORTS







# Chritmas Celebration



# Matrubhasha Dinam




## STAFF



# കവിതകൾ

## പക്ഷേ, നമുക്ക് ഒരുപാട് തുറന്ന വാതിലുകൾ!

ചിത്രങ്ങൾ ചിന്തകളിൽ,
ഇരുട്ടും വെളിച്ചവും തമ്മിൽ,
ഹൃദയം തരംഗമായിരിക്കും,
നമുക്ക് എത്ര വേറെ വഴികൾ!

ഉറപ്പുകളിലേക്കുള്ള യാത്ര,
നാം എത്തുന്ന വഴി,
എന്തായാലും, നമുക്ക് ഒരുപാട്
തിളങ്ങുന്ന നക്ഷത്രങ്ങൾ!

-EDWIN BENNY



# ഒരു  പാട്ടു പിന്നെയും

പാടവേ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നു പോകെ
ഇനിയും പറക്കില്ല
എന്നതോർക്കാതെയാ
പിരിമാനം ഉള്ളാൽ
പുണർന്നു കൊണ്ടേ
വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റചിറകിന്റെ
താളമോടെ
ഒരുപാട് വീണ്ടും
തെളിഞ്ഞു പാടുന്നിതാ
ചിറകുടിഞ്ഞുള്ളോരീ
കാട്ടു പക്ഷി............

– Ashly Sanu

കടപ്പാട് : റഫീക് അഹമ്മദ്

# മരണമെത്തുന്ന നേരത്ത്

മരണമെത്തുന്ന നേരത്ത് നീയെന്റെ
അരികിലിത്തിരി നേരമിരിക്കണേ
കനലുകൾ കോരി മരവിച്ച വിരലുകൾ
ഒടുവിൽ നിന്നെ തലോടി ശമിക്കുവാൻ.
ഒടുവിലായകത്തേക്കെടുക്കും ശ്വാസ
കണികയിൽ നിന്റെ ഗന്ധമുണ്ടാകുവാൻ
ഇനി തുറക്കേണ്ടതില്ലാത്ത കൺകളിൽ
പ്രിയതേ നിൻമുഖം മുങ്ങിക്കിടക്കുവാൻ
ഒരു സ്വരം പോലുമിനിയെടുക്കാത്തൊരി
ചെവികൾ നിൻ സ്വരമുദ്രയാൽ മൂടുവാൻ
അറിവുമോർമയും കത്തും ശിരസ്സിൽ നിൻ
ഹരിത സ്വച്ഛ്സ്മരണകൾ ചെയ്യുവാൻ
അധരമാം ചുംബനത്തിന്റെ മുറിവു നിൻ
മധുരനാമജപത്തിനാൽ കൂട്ടുവാൻ
പ്രണയമേ നിന്നിലിക്കു നടന്നൊരെൻ
വഴികളോർത്തെന്റെ പാദം തണുക്കുവാൻ
അതുമതി ഉടൽ മൂടിയ മണ്ണിൽ നിന്നിവന്
പുൽക്കൊടിയായുയർത്തേൽക്കുവാൻ

-Angel Mary Sony




# എന്റെ ഇഷ്ടം

ആദ്യമായി എന്നമ്മതൻ കൈയിൽ
എൻ കൈ ചേർത്തുപിടിച്ചു നടന്ന കാലം
അമ്മതൻ തോളിലിരുന്ന കാലം
ഉമ്മറത്തിൻമേൽ ഇരുത്തിക്കൊഞ്ചിക്കുമെൻ
അമ്മയെയാണെനിക്കെന്നുമിഷ്ടം

എത്രയോ സൗകുമാര്യമീഭൂവിലെ-
ന്നമ്മയ്ക്ക് വാത്സല്യമേറെയുണ്ട്
അമ്മതൻ വെണ്മയോ എൻമ്മതൻ
ഉണ്മയോ അത്രമേൽചാരുത മറ്റെന്തിന്......

തൻ കരത്താൽ വാരി ഊട്ടുന്ന
ചോറിന്റെ സ്വദിനിയറുതി ചോല്ലുമില്ല
അത്രമേൽ അതിരറ്റ കാതലാമെന്നമ്മ-
തൻ മടിത്തട്ടാണെനിക്കേറെയിഷ്ടം.



# ശൈശവം

ആകാശത്തു നിന്ന് കവിത
കഥയെ കണ്ണിറുക്കി കാണിച്ചു.
ഭൂമിയിൽ നിന്ന് കഥ
കവിതയുടെ നേർക്ക് കടാക്ഷമയച്ചു.
പതുക്കെ പതുക്കെ കഥ
ആകാശം നോക്കി കയറാൻ തുടങ്ങി.
മനസ്സിളകിയ കവിത
മെല്ലെ മെല്ലെ മണ്ണിലേക്കിറങ്ങാനും തുടങ്ങി.
കഥ കവിതയും
കവിത കഥയുമായതങ്ങനെയാണ്.
സാഹിത്യത്തിൽ
അർധാരീശ്വര സങ്കൽപ്പമുണ്ടായത്
ഇങ്ങനെയായിരിക്കണം.

**- അന്ന ജോണി**



# മുത്തശ്ശിമാവ്

ചന്തത്തോടെ മുഖമൊന്നു വിടർത്തി
കാറ്റത്താടിയുലഞ്ഞു നിൽക്കുന്നിതാ
കുട്ടിക്കുരുന്നുകളുടെ പ്രിയ മുത്തശ്ശി മാവ്
കാറ്റുവന്നാമാമ്പഴം കുലുക്കി വീഴ്ത്തി
കുട്ടികൾ ഉല്ലാസത്തോടെ മാവിനു ചുറ്റും കൂടി
മാമ്പഴം വീഴ്ത്തി. തലകുലുക്കി ചിരിച്ചു
നിൽക്കുന്നിതാ മുത്തശ്ശിമാവ്.
കുട്ടികളെ കണ്ടപ്പോൾ തന്റെ വേദനകൾ
എല്ലാം മറന്നാ മുത്തശ്ശി മോണ കാട്ടി
ചിരിച്ചുതുടങ്ങി. താൻ തണലായി തന്റെ
ശരീരത്തെ ജന്തുജീവജാലങ്ങൾക്കായി
സമർപ്പിച്ചതുകൊണ്ടാണവ ജീവൻ
നിലനിർത്തുന്നതെന്നോർത്തു മുത്തശ്ശി.
തന്റെ കൈകളിൽ ഊഞ്ഞാലായി കളിക്കുന്ന
ആ കൊച്ചു കുരുന്നുകൾ തന്റെ ജീവനു
തുല്യമെന്നാണത്രേ മുത്തശ്ശിമാവിന്റെ വാദം.

- Namitha S

# മഴയും കിളിയും

മഴ ശക്തിയായി പെയ്യുകയായിരുന്നു. ചെറിയ ചില്ലകളിൽ ഇലകൾ കുതിർന്നു തുടങ്ങി. ഒരു മരക്കൊമ്പിലിരുന്ന അവളെ മഴ വല്ലാതെ ഭയപ്പെടുത്തി. എങ്ങോട്ടേക്ക് പോകണമെന്നവൾക്കറിയില്ല. അപ്പോൾ, അടുത്തുള്ള വീടിന്റെ ചുമരിൽ ഒരു ചെറിയ തുള കണ്ടു. അവിടെ അൽപ്പം വരണ്ട സ്ഥലം ഉണ്ടായിരുന്നു. മഴ തോർന്നപ്പോൾ സന്തോഷത്തോടെ പാട്ടു പാടി അവൾ പുറത്തേക്ക് പറന്നു.

- DON ABRAHAM



# യാത്രയും ഓർമ്മകളും

രാമു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. ജനലിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ അവൻ പണ്ട് കുട്ടിക്കാലത്ത് അമ്മയോടൊപ്പം ഈ വഴിയിലൂടെ യാത്ര ചെയ്തത് ഓർമ്മ വന്നു. പാടങ്ങൾ , ചെറിയ വഴികൾ , ചെറിയ പുഴകൾ........
എല്ലാം അവന്റെ മനസ്സിൽ വീണ്ടും തെളിഞ്ഞു വന്നു. ഓരോ കാഴ്ചയും ഓരോ ഓർമ്മ ഉണർത്തി. അവൻ ചിരിച്ചു , കരഞ്ഞു , ജീവിതം ഒരു യാത്രയാണെന്നും , ഓർമ്മകൾ അതിന്റെ ഭാഗമാണെന്നും അവൻ മനസ്സിലാക്കി.

- Rakshit Rajesh



# ഓർമ്മയിൽ ഒരു ദിവസം.

ഇന്ന് എനിക്ക് പരീക്ഷയുള്ള ദിവസമാണ്. ഞാൻ സ്കൂളിലേക്ക് പോകാൻ റെഡിയായി നിൽക്കുകയാണ്. സ്കൂൾ ബസ്സ് അടുത്തുള്ള ബസ്സ് സ്റ്റോപ്പിലാണ് നിർത്തുക. ബസ്റ്റോപ്പ് വരെ നടന്ന് പോകണം. എന്റെ വല്യപ്പച്ചനാണ് എല്ലാ ദിവസവും ബസ്സ് സ്റ്റോപ്പിൽ കൊണ്ടുപോയി ബസ്സ് കയറ്റി വിടുന്നത്. അങ്ങനെ പതിവുപോലെ ഞങ്ങൾ ബസ്സ് സ്റ്റോപ്പിലേക്ക് നടക്കുകയായിരുന്നു. ബസ്സ് സ്റ്റോപ്പ് അപ്പുറത്തെ വശത്താണ്. ആ വശത്തേക്ക് ഞങ്ങൾ റോഡ് മുറിച്ചു കിടക്കണം. ഞാനും അനിയത്തിയും റോഡ് മുറിച്ച് അപ്പുറം കടന്നു. ഞങ്ങളുടെ തൊട്ട് പുറകിൽ വല്യപ്പച്ചനുണ്ട്. വല്യപ്പച്ചൻ റോഡ് മുറിച്ച് അപ്പുറത്ത്

കടക്കാറായപ്പോൾ ഒരു ബൈക്ക് വന്ന് വല്യപ്പച്ചനെ ഇടിച്ചു നിർത്താതെ പോയി. വല്യപ്പച്ചനെ ബൈക്ക് ഇടിച്ചതു ഞാൻ ഒരു ഞെട്ടലോടെ നോക്കിനിന്നു. എന്റെ ഹ്രദയമിടിപ്പുകൂടി. ശരീരം മരവിച്ചതുപോലെ അപ്പോൾ എനിക്ക് അനുഭവപ്പെട്ടു. എനിക്ക് നിന്നിടത്ത് നിന്ന് അനങ്ങാൻ പറ്റുന്നില്ലായിരുന്നു. പിന്നെ എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരാൻ തുടങ്ങി. കുറച്ച് അളുകൾ വല്യപ്പച്ചനെ ഒരു വണ്ടിയിൽ കയറ്റി ആശുപത്രിയിലേക്ക് കൊണ്ടുപോയി. എനിക്ക് പരിചയമുള്ള ഒരു ചേട്ടൻ വന്ന് സ്കൂളിൽ കൊണ്ടുവിടട്ടെ എന്ന് ചോദിച്ചു. ഞാൻ വേണ്ടന്ന് പറഞ്ഞു. എന്റെ ശക്തിയെല്ലാം ക്ഷയിച്ചു പോയി. ഞാൻ ആദ്യമായി അപകടം നേരിൽ കണ്ടതുകൊണ്ടായിരിക്കും എനിക്കങ്ങനെ തോന്നിയത്. എന്നെയും അനിയത്തിയെയും ഞങ്ങൾക്ക് പരിചയമുള്ള ചേട്ടൻ വീട്ടിൽ കൊണ്ടുപോയി വിട്ടു. എന്റെ അപ്പനോടും അമ്മയോടും കാര്യം പറഞ്ഞു. അവർ ആശുപത്രിയിലേക്ക് പോയി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വല്യപ്പച്ചൻ വീട്ടിലേക്ക് വന്നു. അപ്പോഴാണ് എനിക്ക് ആശ്വാസമായത്. അന്ന് ഉണ്ടായ അപകടം ഇപ്പോഴും എന്റെ മനസ്സിൽ ഒരു ഓർമ്മയായി നിൽപ്പുണ്ട്.

-Aaron E Tijo

# വിദ്യാഭ്യാസത്തിലെ AI യുടെ നേട്ടങ്ങൾ







നാം ഒരു പുതിയ സാങ്കേതിക വിപ്ലവത്തിന്റെ ഭാഗമാണ്. ക്രൃത്രിമ ബുദ്ധി ഇന്ന് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തുകയാണ്. വിദ്യാർത്ഥികൾക്ക് പഠനം കൂടുതൽ സുഖകരവും ലളിതവുമാക്കുന്നതിൽ AI യുടെ പങ്ക് വളരെ വലുതാണ്.

# വ്യക്തിഗത പഠനാഭവം




മുമ്പ്, എല്ലാ കുട്ടികളും ഒരേ രീതിയിലാണ് പഠനം ചെയ്യേണ്ടിയിരുന്നത്. പക്ഷേ, AI  ഉപയോഗിച്ച് ഓരോ വിദ്യാർത്ഥിയുടെയും കഴിവും താൽപര്യവും പഠനം, AI അധിഷ്ഠിത ആപ്പുകൾ വിദ്യാർത്ഥികളുടെ കഴിവുകൾ മനസ്സിലാക്കി അവർക്കു വേണ്ട പഠനസാമിഗ്രികൾ നൽകുന്നു.

## പഠനം കൂടുതൽ ആകർഷകമാക്കുന്നു



AIസാങ്കേതിക വിദ്യകളിലൂടെ വിർച്യൽ റിയാലിറ്റി VR റിയാലിറ്റി (AR)  പോലുള്ള സംവിധാനങ്ങൾ പഠനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതുവഴി കുട്ടികൾക്ക് പഠനവസ്തുക്കൾ ദൃശ്യപരമായി മനസ്സിലാക്കാൻ കഴിയും. ഉദാഹരണത്തിന്, ഭൂമിശാസ്ത്രം പഠിക്കുമ്പോൾ VR ഉപയോഗിച്ച് നാം ഗ്രഹങ്ങൾ നേരിട്ട്  അനുഭവപ്പെടുത്താനാകും.

## സംശയം പരിഹാരമതിവേഗം.

മുമ്പ് ഒരു സംശയം ഉണ്ടായാൽ അധ്യാപകരോടോ മുതിർന്നവരോടോ ചോദിച്ചാൽ മാത്രമേ മറുപടി

ലഭ്യമാകും. എന്നാൽ , AI-യോട് സംശയം ചോദിക്കുമ്പോൾ നിമിഷങ്ങൾക്കുള്ളിൽ ഉത്തരം കിട്ടുന്നു. AI അധിഷ്ഠിത ചാറ്റ്ബോട്ടുകൾ വിദ്യാർത്ഥികളുടെ സംശയങ്ങൾ ഉടൻ തീർക്കാൻ സഹായിക്കുന്നു.

## പ്രത്യേക പിന്തുണ നൽകുന്നു

എല്ലാ കുട്ടികൾക്കും പഠനരീതി ഒരുപോലെയല്ല. ചിലർക്ക് കൂടുതൽ സഹായം ആവശ്യമാകാം. AI വിദ്യകൾ പഠനമികവ് കുറവുള്ള കുടിടികൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. അവർക്ക് അനുയോജ്യമായ പഠനരീതി നൽകുകയും ചെയ്യുന്നു.

## സമയം ലാഭിക്കാൻ സഹായിക്കുന്നു

AI അധിഷ്ഠിത നോട്ട് ടേക്കിങ്, ഓഡിയോടെക്സ്റ്റ് പരിവർത്തനം എന്നിവ വയ്ക്കാൻ കഴിയും. ഇതിലൂടെ അവർക്ക് പരീക്ഷാതയ്യാറെടുപ്പ് കൂടുതൽ ഫലപ്രതമാകുന്നു .

## ഓൺലൈൻ പഠന സാധ്യതകൾ

കോവിഡ് കാലഘട്ടത്തിൽ AI അധിഷ്ഠിത ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വിദ്യാർത്ഥികൾക്ക് വലിയ സഹായമായിരുന്നു. ഓൺലൈൻ പ്ലാറ്റ്ഫോമുകൾAI ഉപയോഗിച്ച് കുട്ടികൾക്ക് മനസ്സിലാക്കാവുന്ന രീതിയിൽ പഠനം ഒരുക്കുന്നു.

## അധ്യാപകർക്കുള്ള സഹായം

AI ഉപകരണങ്ങൾ അധ്യാപകർക്ക് ആധുനിക പഠനരീതി രൂപപ്പെടുത്താനും പരീക്ഷകളുടെ മൂല്യനിർണ്ണയം കൂടുതൽ എളുപ്പമാക്കാനും സഹായിക്കുന്നു. ഇത് മൂലം വിദ്യാർത്ഥികൾക്ക് കൂടുതൽ ഉണർവോടെ പഠിക്കാൻ കഴിയുന്നു.

## നമ്മുടെ ഭാവി AI-നു സാന്നിദ്ധ്യമാകും



AI വിദ്യാഭ്യാസ മേഘലയെ വിപ്ലവകരമായി മാറ്റിയേക്കും. എങ്കിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇടപെടൽ എപ്പോഴും പ്രധാനമാണ്. AI നമ്മുടെ സഹായിയായി മാറുമ്പോൾ, മനുഷ്യമനസ്സിന്റെ സാങ്കേതിക ജ്ഞാനവും ആവിഷ്കാര ശേഷിയും ഒരിക്കലും മങ്ങരുതെന്ന് മനസ്സിലാക്കണം.

AI ഉപയോഗിച്ചുള്ള പഠനം കൂടുതൽ സുഖകരവും ഫലപ്രതമാകുന്നു. അതിനാൽ ഈ നവീന സാങ്കേതിക വിദ്യയെ ഉചിതമായി ഉപയോഗിച്ച് ഭാവിയിലെ മികച്ച വിദ്യാഭ്യാസത്തിനായി നമുക്ക് ഒരുമിച്ച് കാൽവയ്ക്കാം.